(ബി) ഈ മേഖലയിലെ രൂക്ഷമായ യാത്രാദുരിതം പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു ;

(സി) ആദ്യത്തെയും അവാസാനത്തെയും ട്രിപ്പ് കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിന്ന് പുറപ്പെടുന്ന വിധത്തിൽ ക്രമീകരിച്ച് ഒരു കെ. എസ്. ആർ. ടി. സി. ബസ് അടിയന്തരമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) കണ്ണൂർ-കാട്ടാമ്പള്ളി റൂട്ടിലെ രാത്രികാല യാത്രാദുരിതം സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ട്. ഇപ്പോൾ കണ്ണൂരിൽ നിന്നും മയ്യിലിലേക്ക് രാത്രി 8.50 ന് ഒരു സ്റ്റേ സർവ്വീസ് കൃത്യമായി ഓടിക്കുന്നുണ്ട്. വീണ്ടുമൊരു സർവ്വീസ് രാത്രിയിൽ ആരംഭിച്ചാൽ ലാഭകരമായി നടത്താൻ കഴിയില്ല.

(ബി) 7-11-2010 മുതൽ കണ്ണൂരിൽ നിന്നും മയ്യിലിലേക്കും തിരിച്ചും കെ.എസ്.ആർ.ടി.സി 3 ട്രിപ്പുകൾ വീതം പുതിയതായി ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ ഒരു സ്വകാര്യ ബസിന് പെർമിറ്റ് നൽകിയിട്ടുമുണ്ട്.

(സി) ബസിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

കോഴിക്കോട് ജില്ലയിലെ ബസ് സർവ്വീസുകൾ

185 (782) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ കെ. എസ്. ആർ. ടി. സി. എത്ര പുതിയ ബസ് സർവ്വീസുകൾ ആരംഭിച്ചു ; അവ ഏതെല്ലാം ; ഇവയുടെ മണ്ഡലാടിസ്ഥാനത്തിലെ കണക്കുകൾ നൽകുമോ ;

(ബി) പ്രസ്തുത കാലയളവിൽ കോഴിക്കോട് ജില്ലയിൽ എത്ര പുതിയ ബസ്സുകൾ അനുവദിച്ചു ; ഇവയുടെ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ എത്ര സർവ്വീസുകൾ നിറുത്തലാക്കിയിട്ടുണ്ട് ; അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കോഴിക്കോട് ജില്ലയിലെ കുറുമ്പോയിൽ എന്ന സ്ഥലത്തുനിന്നും കോഴിക്കോട്ടേക്ക് ലാഭകരമായി പ്രവർത്തിച്ചിരുന്ന സർവ്വീസ് എന്ന് മുതലാണ് നിർത്തലാക്കിയത് ; അതിന് കാരണമെന്താണ് ; ഈ സർവ്വീസ് പുനരാരംഭിക്കാതിരിക്കുന്നതിന് കാരണമെന്താണ് ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 50 പുതിയ സർവ്വീസുകൾ ആരംഭിച്ചു. സർവ്വീസുകളുടെ വിവരവും മണ്ഡലം തിരിച്ചുള്ള കണക്കും അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ 100 പുതിയ ബസുകൾ അനുവദിച്ചു.

ഡിപ്പോ തിരിച്ചുള്ള കണക്ക് താഴെ കാണിക്കുന്നു.

കോഴിക്കോട്	54
താമരശ്ശേരി	19
തൊട്ടിൽപ്പാലം	18
വടകര	9
ആകെ	100

(സി) 11 സർവ്വീസുകൾ./നിർത്തലാക്കിയ സർവ്വീസുകൾ

1.	6.20 കോഴിക്കോട്	-	പായിമ്പ്ര
2.	6.05 കോഴിക്കോട്	-	പെരുമണ്ണ
3.	3.7.00കോഴിക്കോട്	-	രാമനാട്ടുകര
4.	6.25 കോഴിക്കോട്	-	രാമനാട്ടുകര
5.	7.00 കോഴിക്കോട്	-	മാവൂർ -മുക്കം
6.	12.30 കോഴിക്കോട്	-	ബാലുശ്ശേരി
7.	6.00 കോഴിക്കോട്	-	കുരാച്ചുണ്ട്
8.	6.40 കോഴിക്കോട്	-	മേപ്പയൂർ
9.	6.20 കോഴിക്കോട്	-	തൃശ്ശൂർ
10.	15.00 തൊട്ടിൽപ്പാലം	-	കോഴിക്കോട് -എയർപോർട്ട്
11.	6.30 തൊട്ടിൽപ്പാലം	-	തെക്കേടത്തു കടവ് -പേരാമ്പ്ര

(ഡി) കുറുമ്പൊയിൽ സർവ്വീസ് 2002 മുതലാണ് നിർത്തലാക്കിയത്. പിന്നീട് രാവിലെ 11.00 മണി കോഴിക്കോട്-മണിച്ചേരി ആയും 12.30 കോഴിക്കോട്-ബാലുശ്ശേരി ആയും ക്രമീകരിച്ച് ഓടിച്ചുവെങ്കിലും, പ്രൈവറ്റ് ബസുകളുടെ കടന്നുകയറ്റം കാരണം വരുമാനം കുറഞ്ഞതുകൊണ്ടും, ബസുകളുടെ കുറവ് കാരണവും കൃത്യമായി ഓടിക്കാൻ കഴിയാത്തതു കൊണ്ടും വീണ്ടും നിർത്തി വയ്ക്കുകയാണുണ്ടായത്. ലാഭകരമായി നടത്തുവാൻ കഴിയാത്തതിനാൽ ടി സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly